**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1947** **04-02-2026 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി നിയോജകമണ്ഡലത്തിൽ സ്പോർട്സ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021 മെയ് മുതൽ 2025 ഡിസംബർ വരെ മഞ്ചേരി നിയോജകമണ്ഡലത്തിൽ സ്പോർട്സ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്നും ആയതിലേക്കായി എത്ര തുക അനുവദിച്ചു എന്നും ഏതൊക്കെ പദ്ധതികൾ പൂർത്തിയായി എന്നും ഇനി ഏതൊക്കെ പദ്ധതികളാണ് പൂർത്തിയാകാൻ ഉള്ളതെന്നും വർഷം തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2021 മെയ് മുതൽ 2025 ഡിസംബർ വരെ മഞ്ചേരി നിയോജകമണ്ഡലത്തിൽ സ്പോർട്സ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. എലൈറ്റ് പരിശീലന കേന്ദ്രം - ഒന്നാംഘട്ട പ്രവൃത്തി- മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിലുള്ള ജില്ലാ സ്പോർട്സ് അക്കാദമിയിൽ ഡൈനിംഗ് ഹാൾ, ബോയ്സ് ഹോസ്റ്റലുകൾ, ബാസ്കറ്റ് ബോൾ കോർട്ട് എന്നിവയുടെ നവീകരണം, വാഷ് ഏരിയയുടെ നിർമ്മാണം, ഇന്റർലോക്ക് പാകുന്ന ജോലി കൂടാതെ അനുബന്ധ സിവിൽ പ്രവൃത്തികൾക്കുമായി 25.07.2024 ലെ സർക്കാർ ഉത്തരവ് നം. 157/2024/ കാ.യു.വ പ്രകാരം 74,41,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി സാങ്കേതികാനുമതി നൽകുകയും തുടർന്ന് ടെണ്ടർ ക്ഷണിക്കുകയും യോഗ്യത നേടിയ കരാറുകാരനുമായി 28.07.2025 ന് 64,57,453/- രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുമുണ്ട്. നിലവിൽ 10% പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. 2026 ഫെബ്രുവരി മാസം പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | മഞ്ചേരി ബോയ്സ് ഹൈസ്കൂൾ സ്റ്റേഡിയം ഗ്രൗണ്ടിൽ മഴക്കാലത്ത് വെള്ളം കെട്ടിനിൽക്കുന്നത് പരിഹരിക്കാനായി ഗ്രൗണ്ടിൽ മണ്ണിട്ട് ഉയർത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) | ഇരു സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. |
| (സി) | മഞ്ചേരി പയ്യനാട് സ്റ്റേഡിയം വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല |

| | | | |
|---|---|---|---|
| (ഡി) | മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിന് ആവശ്യമായ 25 ഏക്കർ സ്ഥലം വിട്ടു നല്കിയ മുനിസിപ്പാലിറ്റി നിർദേശിക്കുന്ന പ്രാദേശിക ക്ലബ്ബുകൾക്ക് സ്റ്റേഡിയത്തിൽ ഫുട്ബോൾ കളിക്കാൻ അവസരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ഡി) | നിർദ്ദേശം നിലവിൽ പരിഗണനയിലില്ല. |
| (ഇ) | മഞ്ചേരി നിയോജകമണ്ഡലത്തിൽ സ്പോർട്സ് വകുപ്പിന്റെ പുതിയ പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | മഞ്ചേരി നിയോജക മണ്ഡലത്തിൽ കായിക വകുപ്പിന്റെ പുതിയ പദ്ധതികളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ